# ഭൂരിപക്ഷ സമുദായവും ദയൂബന്ദ് സമ്മേളനവും

**ബോംബാക്രമണത്തിനിടെ** ഗോവയിൽ പിടിയിലായ സനാതൻ സംസ്ഥയുടെ ‘സന്നദ്ധഭടൻമാരിൽ’ നിന്നും പോലിസ് കണ്ടെടുത്ത തൊണ്ടികളിൽ ഒരു ചാക്ക് ബസുമതി അരിയും ജന്നത്തുൽ ഫിർദൗസ് എന്ന അത്തറിന്റെ ഒരു കുപ്പിയും ദൽഹിയിലെ ഖാൻ മാർക്കറ്റിൽ നിന്ന് വാങ്ങിയ ഒരു സഞ്ചിയും ഉണ്ടായിരുന്നുവത്രെ! ബസുമതി അരിയുടെ ചാക്കിന്റെ പുറത്ത് എഴുതിയതത്രയും ഉറുദുവിലായിരുന്നു. കുറ്റം മുസ്ലിംകളുടെ തലയിൽ കെട്ടിവെക്കാൻ കണ്ടെത്തിയ സൂത്രമാണ് ഇതെന്നാണ് പിടിയിലായവരെ ചോദ്യം ചെയ്തതിൽ നിന്നും മനസ്സിലായത്. ഇത്രയും കയ്യിലുണ്ടാവുകയും ആരും കാണാതെ അങ്ങാടിയിൽ ബോംബുവെക്കുകയും ചെയ്തിരുന്നെങ്കിൽ ഒരു സംശയവും വേണ്ട കുറ്റം മുസ്ലിംകളുടെ തലയിൽ തന്നെ കെട്ടിവെക്കപ്പെടുമായിരുന്നു. ഖാൻ മാർക്കറ്റും മുസ്ലിംകളും തമ്മിൽ എന്തു ബന്ധമെന്ന് ഒരുപക്ഷേ ഗോവയിലെ പോലിസിന് തന്നെ അറിയണമെന്നില്ല. പേരിലാണ് കാര്യമെന്ന് അവരും വിചാരിക്കുന്നുണ്ടെങ്കിൽ വേറെ നിവൃത്തിയുമില്ല. പക്ഷേ ശരാശരി ഹിന്ദുവിന്റെ കാര്യം പോകട്ടെ, ഹൈന്ദവ ഭീകര സംഘടനകൾ പോലും ഇത്ര ലളിതമായാണ് കാര്യങ്ങൾ മനസ്സിലാക്കുന്നതെങ്കിൽ ഇന്ത്യയെ ദൈവം തമ്പുരാൻ നേരിട്ടു തന്നെ രക്ഷിക്കേണ്ടി വരും. ഒരു കള്ളത്താടിയും തൊപ്പിയും കൂട്ടത്തിൽ 786ന്റെ സ്റ്റിക്കറുമുണ്ടെങ്കിൽ കുറ്റം മുസ്ലിംകളുടെ തലയിൽ കെട്ടിവെക്കാനാവുമെന്ന ചിന്തയായിരുന്നു നന്ദേഡിലും മാലേഗാവിലുമൊക്കെ സ്ഫോടനങ്ങൾ നടത്തുന്ന കാലത്ത് ഇവർക്കുണ്ടായിരുന്നത്. കള്ളത്താടി ‘അഭിനവ് ഭാരതി’ന്റെ ട്രേഡ് മാർക്ക് രഹസ്യമാണെന്ന് വന്നതോടെയാവണം പുതിയ ചിഹ്നങ്ങൾ തെരയാൻ തുടങ്ങിയത്. ബിരിയാണി മാത്രം തിന്നുന്ന, പുറത്തിറങ്ങണമെങ്കിൽ അത്തർ പൂശേണ്ടുന്ന, ഉറുദുവിലെഴുതിയ ചാക്കിൽ മാത്രം ബോംബുകൊണ്ടു നടക്കുന്ന പുതിയ ‘ഇസ്ലാമിക ഭീകരനെ’ മാധ്യമങ്ങൾ പരിചയപ്പെടുത്തുന്നതിന് മുമ്പെ ഈ രഹസ്യം വെളിച്ചത്തു വന്നത് മഹാഭാഗ്യം!

ഹിന്ദുക്കൾ മുസ്ലിംകളെ എങ്ങനെ മനസ്സിലാക്കുന്നു എന്നതിന് നമ്മുടെ മുമ്പിലുള്ള ഉദാഹരണമാണ് ലൗ ജിഹാദ്. ജസ്റ്റിസ് ശങ്കരനും ഡി.ഐ.ജി യേമാനും തിരുത്തിയതും എന്നാൽ ആദ്യം കുപ്പിതുറന്നു വിട്ടതുമായ ആ അസഭ്യമുണ്ടല്ലോ അത് ഈ വിവരക്കേടിന്റെ അങ്ങേത്തലയാണ്. മുസ്ലിംകൾ അങ്ങനെ ചെയ്യുന്നുണ്ടാവണമെന്നും ഇപ്പോൾ തെളിവ് കിട്ടിയിട്ടില്ല എന്നുമാണ് ഈ വിവാദത്തിന്റെ ബാക്കിപത്രമെന്ന് ഏത് അന്യമതസ്ഥനും പറഞ്ഞുതരും. അത് തുറന്നു പറയാൻ ആവശ്യമായ ‘ധൈര്യം’ ജസ്റ്റിസിനില്ലെന്നാവും ഏറിയാൽ അവർ കരുതുക. ‘എവൻ ലശ്കറെ തൊയ്ബക്കാരനാണ്’ എന്ന ചാപ്പയും കുത്തി പോലിസ് ഹാജരാക്കുന്ന ഏ

ത് വായക്കാപ്പത്തിരിക്കാരനെ നോക്കിയും 'ഹും കണ്ടില്ലേ ഭീകരന്റെ ഒരു കൂസലില്ലായ്മ' എന്നു മുറുമുറുക്കുന്ന നിരവധി 'ന്യായാധിപൻ'മാർ ഇപ്പോൾ നമ്മുടെ രാജ്യത്തുണ്ട്. വാരണാസി ബോംബുസ്ഫോടന വിചാരണക്കേസ് അലഹാബാദ് ബെഞ്ചിൽ നിന്ന് മാറ്റിയതു തന്നെ ഒരു ജഡ്ജിയുടെ ഈമാതിരി പരാമർശങ്ങളെ തുടർന്നായിരുന്നു. കേസിൽ ഭീകരതയുടെ കുറ്റം പിന്നീട് തെളിയിക്കപ്പെട്ടിട്ടില്ല എന്നുമോർക്കുക. ഈ മാലേഗാവ് കേസിലും സംഝോത്ത കേസിലും മഹാരാഷ്ട്രയിലെ മറ്റ് വിവിധ മസ്ജിദുകൾക്കു നേരെ നടന്ന ഭീകരാക്രമണ കേസുകളിലും നേരത്തെ പിടിയിലായ 'ഇസ്ലാമിക ഭീകരർ' ഇപ്പോഴും ജയിലിലാണ് കഴിയുന്നത്. കാഞ്ചി വലിച്ച വെടിയുണ്ട പോലെയാണ് ഭീകരതയുടെ കാര്യത്തിലെ കള്ളക്കേസുകൾ. ഒരു നിവൃത്തിയുമില്ല തിരിച്ചെടുക്കാൻ. ജയിലിൽ കിടന്ന് നരകിച്ച് സത്യസന്ധത സ്വയം തെളിയിക്കുക മാത്രമാണ് പോംവഴി.

പൊതുസമൂഹവും മാധ്യമങ്ങളും പോലിസും നീതിപീഠവും വരെ ഒരു സമൂഹത്തിന്റെ നേർക്കു വെച്ചുപുലർത്തുന്ന ഈ നീചവിശ്വാസങ്ങൾ തിരുത്താനുള്ള സക്രിയമായ ഒരു നീക്കവും നടത്താതെയാണ് കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി ദയൂബന്തിൽ പോയി 'ഭീകരവിരുദ്ധ' യുദ്ധത്തിനെതിരെ മുസ്ലിം സമൂഹത്തിന്റെ പിന്തുണ തേടുന്നത്. ഭീകരതയെ കുറിച്ച യു.പി.എ സർക്കാറിന്റെ നയനിലപാടുകൾ ഒരു രാഷ്ട്രീയ വിശ്വാസത്തിന്റെയും ചില നയതന്ത്ര സമീപനങ്ങളുടെയും എല്ലാറ്റിനുമുപരി ഇന്ത്യ ഒപ്പിട്ട ചില അന്താരാഷ്ട്ര കരാറുകളുടെയും ആഗോളതലത്തിൽ ഇപ്പോൾ പൊതുവെ അംഗീകരിക്കപ്പെടുന്ന ചില തത്ത്വങ്ങളുടെയും ഭാഗമാണെന്നും മുസ്ലിംകൾ അത് കണ്ടറിഞ്ഞ് അംഗീകരിക്കണമെന്നും ഇതിനെതിരെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന വേട്ടയാടലുകളെ മതകീയമെന്ന് വിമർശിക്കാതിരിക്കുകയും ചെയ്യണമെന്നാണ് ചിദംബരം പറയുന്ന രാജ്യസ്നേഹത്തിന്റെ അർഥം. ഭരണകൂടത്തിന്റെ ഈ അന്താരാഷ്ട്ര 'ഒബ്ളിഗേഷൻ' അംഗീകരിച്ചേ പറ്റൂ. നിങ്ങൾക്കെതിരെ വംശീയവെറി ഉണ്ടാക്കിയെടുക്കുന്നതിന് ബി.ജെ.പി ഭരണകൂടം ഉപയോഗിച്ചു തുടങ്ങിയതാണ് ഈ തന്ത്രങ്ങളെങ്കിലും ഒറ്റയടിക്ക് ഇതിനെയെല്ലാം എതിർത്തു പറയാൻ കോൺഗ്രസ്സിനുമാവില്ല. രാജ്യം ഭീകരതയെ കുറിച്ച് മൊത്തത്തിൽ അങ്ങനെ തെറ്റിദ്ധരിച്ചു പോയി. കള്ളക്കേസുകളിലാണ് കുടുക്കിയതെങ്കിലും നിങ്ങളുടെ യുവാക്കളെ ഒറ്റയടിക്ക് മോചിപ്പിക്കാനാവില്ല. നിയമം നിയമത്തിന്റെ വഴിയെ നീങ്ങട്ടെ. പക്ഷേ ചില സൗജന്യങ്ങൾ ചെയ്തുതരാം. വേണ്ടെങ്കിൽ നിങ്ങൾ വന്ദേമാതരം പാടേണ്ട. ആ പ്രമേയം പാസാക്കുന്നതിൽ ഭരണകൂടത്തിന് വിരോധവുമില്ല. ഇതിലപ്പുറം എന്ത് അർഥമാണ് ഹേ ചിദംബരത്തിന്റെ ദയൂബന്ദ് സന്ദർശനത്തിലുള്ളത്?

സമൂഹത്തിൽ സഹിഷ്ണുതയുടെ സന്ദേശം വ്യാപകമാവട്ടെയെന്നാണ് ചിദംബരം പറയുന്നത്. നല്ല കാര്യമാണത്. ഭീകരത എല്ലാ മതങ്ങളും വെറുക്കണമെന്നും ന്യൂനപക്ഷത്തെ ഭൂരിപക്ഷം സംരക്ഷിക്കുകയാണ് വേണ്ടതെന്നും ചിദംബരം ആഹ്വാനം ചെയ്യുന്നു. ബിരിയാണി അരിയുടെ ചാക്കു കൊണ്ടുപോലും ന്യൂനപക്ഷത്തെ ഭൂരിപക്ഷം തെറ്റിദ്ധരിക്കുന്ന കാലത്താണ് രാജ്യത്തെ നയിക്കുന്നവർ ഈ മാതിരി അർഥശൂന്യമായ പ്രഖ്യാപനങ്ങൾ നടത്തുന്നത്. ഒരു കേണൽ പുരോഹിതും സന്യാസിനിയമ്മയും ജയിലിൽ പോയതിനു ശേഷം കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ രാജ്യത്തുണ്ടായ ഒരേയൊരു ഭീകരാക്രമണ സംഭവം, അത് നടന്നില്ലെങ്കിൽ പോലും, പിടിയിലായത് അതേ ജനുസ്സിൽ പെട്ടവരാണെന്നത് ഇനിയെങ്കിലും സമ്മതിച്ചു കൂടേ ആഭ്യന്തരമന്ത്രിക്ക്? ഈ ഭീകരതക്ക് എന്തുകൊണ്ട് ഭരണകൂടത്തിന്റെ രാഷ്ട്രീയ വായനയുണ്ടാവുന്നില്ല? ■